പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3278 — 25.06.2012 ൽ മറുപടിയ്ക്ക്

## സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ്

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | നഗരങ്ങളിലെ ജൈവവൈവിദ്ധ്യം സംബന്ധിച്ച് കണക്കെടുപ്പ് നടത്തി സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നഗരങ്ങളിലെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള സർവ്വേയിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾക്കൊള്ളിക്കുന്നത്; വിശദമാക്കുമോ; | (ബി) | നഗരങ്ങളിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനായി എല്ലാ നഗരസഭകളിലും ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നുണ്ട്. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് തയ്യാറാക്കുന്ന പദ്ധതി പ്രകാരം നഗരത്തിലെ തനത് ജൈവവൈവിദ്ധ്യം കണ്ടെത്തുക, പാരിസ്ഥിതിക സംരക്ഷണത്തിന് ഉതകുന്ന സേവനങ്ങൾ ലഭ്യമാക്കുക, ജൈവവൈവിദ്ധ്യ കേന്ദ്രങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക എന്നിവയാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) | ജൈവസമ്പത്ത് നശിപ്പിക്കുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | ജൈവസമ്പത്ത് നശിപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ